**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1333** **15-10-2026-ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്‌റഫലി ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടന്നുവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഡിജിറ്റൽ സർവെ പദ്ധതി പ്രകാരം സംസ്ഥാനത്ത് 266 വില്ലേജുകളിൽ സെക്ഷൻ 13 അന്തിമ വിജ്ഞാപനവും, 120 വില്ലേജുകളിൽ സെക്ഷൻ 9(2) കരട് വിജ്ഞാപനവും പൂർത്തിയായി. 214 വില്ലേജുകളിൽ സർവെ ഫീൽഡ് ജോലികൾ പുരോഗമിക്കുന്നു. 239 വില്ലേജുകളിൽ പ്രാഥമിക സർവെ ജോലികൾ ആരംഭിച്ചു. ആകെ 839 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ നിലവിൽ ആരംഭിച്ചത്.

**(ബി)** പ്രസ്തുത സർവേ പൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ മുഴുവൻ റവന്യൂ വില്ലേജുകളിലെയും ഡിജിറ്റൽ സർവെ നടപടികൾ ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ റീ സർവേ നടപടികൾ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് വകുപ്പ് ലക്ഷ്യമിട്ടിരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) ഫണ്ട് അവസാനിച്ചതിനെ തുടർന്നുണ്ടായ സാമ്പത്തിക-സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച്, കൂടുതൽ കാര്യക്ഷമമായി പദ്ധതി നടപ്പിലാക്കുന്നതിനായി 2026 നവംബർ 1 മുതൽ '**ഡിജിറ്റൽ സർവെ 2.0**' എന്ന പേരിൽ സർവെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവെ പുനരാരംഭിക്കുന്നതിലൂടെ, ലഭ്യമായ അത്യാധുനിക സർവെ ഉപകരണങ്ങളും ജീവനക്കാരെയും പ്രയോജനപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ ഡിജിറ്റൽ സർവെ പൂർത്തിയാക്കാനുള്ള കർമ്മപദ്ധതിയാണ് നടപ്പിലാക്കുന്നത്.

**(സി)** കൊണ്ടോട്ടി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പദ്ധതിയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ?

**മറുപടി:** കൊണ്ടോട്ടി മണ്ഡലത്തിൽ നെടിയിരുപ്പ്, കൊണ്ടോട്ടി എന്നീ വില്ലേജുകളാണ് ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നെടിയിരുപ്പ് വില്ലേജിന്റെ 17% ഫീൽഡ് ജോലികൾ (354.5 ഹെക്ടർ) പൂർത്തീകരിച്ചു. കൊണ്ടോട്ടി വില്ലേജിന്റെ ഡിജിറ്റൽ സർവെ പ്രാരംഭ ജോലികൾ ആയ ഡിജിറ്റൈസേഷൻ, റിക്കോർഡ് കളക്ഷൻ എന്നീ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**